## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**2061**

04-11-2019 ൽ മറുപടിയ്ക്ക്

## അഗ്നിരക്ഷാ നിലയങ്ങളിലെ അധികാരലംഘനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ആഭ്യന്തരവകുപ്പിന്റെ 16.6.17ലെ G.O(Rt) No.1574/2017/Home ഉത്തരവ് നിലനിൽക്കേ അഗ്നിരക്ഷാ നിലയങ്ങളിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരെ മറികടന്ന് ജനറൽ ഡയറി ഉൾപ്പെടെയുള്ള അധികാരങ്ങൾ ഫയർമാന് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | എ) യും ബി) യും സി) യും | ജി.ഒ(ആർ.റ്റി) നം.1574/2017/ആഭ്യന്തരം, തീയതി, 16.06.2017 പ്രകാരമുള്ള ഉത്തരവിൽ സ്റ്റേഷൻ ചാർജ്ജ് ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരെ മറികടന്ന് ഫയർമാൻമാർക്ക് നൽകരുതെന്ന് ഉത്തരവായിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരെ മറികടന്ന് ഫയർമാൻമാർക്ക് സ്റ്റേഷൻ ചാർജ്ജ് നൽകിയിട്ടില്ല.<br>നിലയത്തിൽ നടക്കുന്ന ദൈനംദിന കാര്യങ്ങൾ ജനറൽ ഡയറിയിൽ രേഖപ്പെടുത്തുന്നതിനായി സ്റ്റേഷൻ ചാർജ്ജുകാരൻ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നു. സ്റ്റേഷൻ ചാർജ്ജുകാരനായ സ്റ്റേഷൻ ഓഫീസർ ചുമതലപ്പെടുത്തുന്ന പക്ഷം അസ്സിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർക്കോ, അസ്സിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറുടെ അഭാവത്തിൽ ലീഡിംഗ് ഫയർമാനോ, ലീഡിംഗ് ഫയർമാന്റെ അഭാവത്തിൽ ഫയർമാനോ ജനറൽ ഡയറി ചാർജ്ജ് നൽകുന്നു. സ്റ്റേഷനുകളിൽ ഫയർമാൻമാരുടെ എണ്ണത്തേക്കാൾ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരുടെ എണ്ണം കുറവാണ്. ആയതിനാൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാർക്ക് ജനറൽ ഡയറി ചാർജ്ജ് നൽകുന്നത് പ്രായോഗികമല്ല എന്ന് കണ്ട് ഫയർമാൻമാർക്ക് ജി.ഡി. ചാർജ്ജ് നൽകിവരുന്നുണ്ട്. |
| ബി) ഇത്തരം ലംഘനം കേരളത്തിലെ ഏതൊക്കെ അഗ്നിരക്ഷാ നിലയങ്ങളിൽ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| സി) പ്രസ്തുത നിയമലംഘകർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ